# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.945 — 30/10/2019-ൽ മറുപടിക്ക്

## ഏറനാട് മണ്ഡലത്തിലെ ചെറുകിട ജലസേചന പദ്ധതികൾ

| | ചോദ്യം<br><br>**ശ്രീ.പി.കെ.ബഷീർ** | | മറുപടി<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ഏറനാട് മണ്ഡലത്തിലെ ചാലിയാർ, അകമ്പാടം, കുറുമാൻ പുഴയിൽ സ്ഥാപിക്കുന്നതിന് 28/05/2015-ൽ ഭരണാനുമതി നൽകിയ വാളാംതോട് ചെറുകിട ജലസേചന പദ്ധതിക്കായി നാളിതുവരെ എന്തെല്ലാം പ്രവൃത്തി കളാണ് ചെയ്തിട്ടുളളത്; വിശദാംശം വെളിപ്പെടുത്തുമോ; | (എ) | വാളാംതോട് ചെറുകിട ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തികൾക്ക് മുന്നോടിയായ അലൈൻമെന്റ് സർവ്വേ, ബോർ ഹോൾ എടുക്കൽ, മണ്ണ് പരിശോധന, പ്രോപ്പർട്ടി സർവ്വേ മുതലായവ പൂർത്തീകരിച്ചു. പദ്ധതിയുടെ വിവിധ ഘടകങ്ങളുടെ അലൈൻമെന്റ് കല്ലുകളിട്ട് അടയാളപ്പെടുത്തി. പദ്ധതിക്കാവശ്യമായ സ്വകാര്യ ഭൂമിയും, വനഭൂമിയും സർവ്വേ ചെയ്തു തിട്ടപ്പെടുത്തി. ഓരോ ഉടമസ്ഥന്റെയും ഭൂമി പ്രത്യേകം അളന്നു കല്ലുകളിട്ട് അടയാളപ്പെടുത്തുകയും ചെയ്തു. പദ്ധതി ഘടകങ്ങളുടെ വിശദമായ ഡിസൈൻ ജോലികൾ പുരോഗമിക്കുന്നു. വനഭൂമി വിട്ടുകിട്ടുന്നതിനുള്ള അപേക്ഷ 21.01.2019-ൽ വനം വകുപ്പിന് സമർപ്പിച്ചു. ഒക്ടോബർ 15-ന് വനംവകുപ്പ് ഉദ്യോഗസ്ഥർ ഫീൽഡ് വെരിഫിക്കേഷൻ നടത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിക്കായി വനഭൂമിയും സ്വകാര്യ ഭൂമിയും ഏറ്റെടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്താണ് തടസ്സമെന്ന് വ്യക്തമാക്കുമോ; | (ബി) & (സി) | വനഭൂമിയും സ്വകാര്യ ഭൂമിയും ഇതുവരെ ഏറ്റെടുത്തിട്ടില്ല.<br>വനഭൂമി വിട്ടുകിട്ടുന്നതിനുള്ള അപേക്ഷ 21.01.2019-ന് വനം വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. 2019-ഒക്ടോബർ 15-ന് വനം വകുപ്പുദ്യോഗസ്ഥർ ഫീൽഡ് വെരിഫിക്കേഷൻ നടത്തിയിട്ടുണ്ട്. സ്വകാര്യ ഭൂമി ഏറ്റെടുക്കുന്നതിനുള്ള അനുമതി ലഭ്യമായതിന് ശേഷം ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | വനഭൂമിയും സ്വകാര്യ ഭൂമിയും ഏറ്റെടു ക്കുന്നതിനായി എന്തെല്ലാം നടപടികൾ ഇതുവരെയായി സ്വീകരിച്ചിട്ടുണ്ട്; | | |
| (ഡി) | ഏറനാട് മണ്ഡലത്തിന്റെയും ചാലിയാർ പഞ്ചായത്തിന്റെയും വികസനത്തിനുതകുന്ന ഈ പദ്ധതി യുടെ നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തി പദ്ധതി നടപ്പിലാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | (ഡി) | പദ്ധതി നടപ്പിലാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ